ഉത്തരം

(എ) സംസ്ഥാനത്ത് ഏകദേശം 90,000 ക്യാൻസർ രോഗികൾ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു.

(ബി) ക്യാൻസർ രോഗത്തിന് പുകയില, പാൻമസാല എന്നിവയുടെ ഉപയോഗം കാരണമാകുന്നു എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ മൊത്തം 3420 മഹിളാസമിതി സംഘങ്ങൾ വഴി പുകയില വിരുദ്ധ സന്ദേശം പൊതുജനങ്ങളിൽ എത്തിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ ജില്ലാ മാസ് മീഡിയ യൂണിറ്റുകൾ വഴിയും സന്നദ്ധ സംഘടനകൾ വഴിയും പുകയില പാൻമസാല വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. തിരുവനന്തപുരത്തെ ആർ.സി.സി. സന്നദ്ധ സംഘടനകളുമായി ചേർന്ന് സ്കൂൾ കുട്ടികളിൽ അവബോധം സൃഷ്ടിച്ചിട്ടുണ്ട് (45 ലക്ഷം). സ്കൗട്ടുകളുമായി ചേർന്ന് ഒന്നേക്കാൽ ലക്ഷം വീടുകളിൽ പുകയിലയുടെ ഉപയോഗം അഡ്വോക്കസി വഴി നിർത്തിയിട്ടുണ്ട്. പുകയില വിരുദ്ധ പ്രവർത്തനങ്ങൾക്ക് 1,00,000 വോളണ്ടിയർമാരെ കേരളത്തിൽ ആർ.സി.സി. പരിശീലിപ്പിച്ചിട്ടുണ്ട്. ഈയിടെ നടന്ന ഒരു പഠനത്തിൽ പുകയിലയുടെ ഉപയോഗം ആണ്ടുതോറും ഒരു ശതമാനം വീതം കുറയുന്നതായി കണ്ടിട്ടുണ്ട്. ആർ.സി.സി.-യുടെ പെരിഫറൽ സെന്ററുകളെല്ലാം ഈ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കാലാവധികഴിഞ്ഞിട്ടും വിതരണം ചെയ്യാതെ മിച്ചംവന്ന മരുന്നുകൾ

156 [5301] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഫാർമസികളിൽ 2003 ജൂലായ് മാസം 31-ന് കാലാവധി കഴിയാൻ സാദ്ധ്യതയുള്ള എത്ര മരുന്നുകൾ, എത്ര രൂപ വിലവരുന്നത്; സംസ്ഥാനതല സ്റ്റോറിലും ജില്ലാ സ്റ്റോറിലും വിതരണം ചെയ്യാതെയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മരുന്നുകൾ എത്ര അളവിൽ ഏതൊക്കെ കമ്പനികളാണ് സപ്ലൈ ചെയ്തതെന്നും വെളിപ്പെടുത്തുമോ;

(സി) ഈ ഉപയോഗിക്കാത്ത മരുന്നുകൾ മടക്കിക്കൊടുത്ത് പകരം മരുന്ന് സപ്ലൈ ചെയ്യുന്നതിന് കമ്പനിയോട് ആവശ്യപ്പെടാൻ വ്യവസ്ഥ ഉണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുകയുടെ മരുന്നാണ് കാലാവധി കഴിഞ്ഞിട്ടും വിതരണം ചെയ്യാതെ മിച്ചം വന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ സംസ്ഥാനതല സ്റ്റോർ നിലവിലില്ല. ജില്ല സ്റ്റോറുകളിൽ 2003 ജൂലായ് 31-ന് കാലാവധി കഴിഞ്ഞ മരുന്നുകളുടെ വിവരം ജില്ല തിരിച്ച് താഴെകൊടുക്കുന്നു:

1. തിരുവനന്തപുരം ... ഇല്ല

LIBRARY ARCHIVES Kerala Legislative Assembly

2. കൊല്ലം 5 ഇനം മരുന്നുകൾ ഉണ്ട്.

1.	ബ്ലീച്ചിംഗ് പൗഡർ	.. വില	79,638	രൂപ
2.	മിക്ചർ കാർമണേറ്റീവ്	.. ,,	28,722.82	,,
3.	ഫ്രൂസിമൈഡ് ടാബ്‌ലറ്റ്	.. ,,	1817.50	,,
4.	അഡ്രിനാലിൻ ഇൻജക്ഷൻ	.. ,,	963.20	,,
5.	സിഹവക്സിൻ ക്യാപ്സ്യൂൾ	.. ,,	58,281.8	,,

പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ കാലാവധി കഴിയാൻ സാദ്ധ്യതയുള്ള മരുന്നുകൾ ഇല്ല. കോഴിക്കോട്, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

(ബി) 1. ബ്ലീച്ചിംഗ് പൗഡർ .. സതേൺ യൂണിയൻ ഫാർമസ്യൂട്ടിക്കൽ (1324 കെ. ജി. 7/02)

2. മിക്ചർ കാർമണേറ്റീവ് .. മോഡേൺ ഫാർമസ്യൂട്ടിക്കൽസ് (837 ബോട്ടിൽ 8/02)

3. ഫ്രൂസിമൈഡ് ടാബ്‌ലറ്റ് .. യൂനികൃർ (11,400 ബോട്ടിൽ 8/02)

4. അഡ്രിനാലിൻ ഇൻജക്ഷൻ .. സാൻഡ് ഫാർമസ്യൂട്ടിക്കൽസ് (560 ആംപ്യൂൾ 10/02)

5. സിഹവക്സിൻ ക്യാപ്സ്യൂൾ .. ആർ.കെ.ജി. ഫാർമ (44300 എണ്ണം 8/02)

(സി) ഇത്തരം ഒരു ഉടമ്പടി കമ്പനികളുമായി നിലവിലില്ല. ആയതിനാൽ മടക്കിക്കൊടുത്ത് പകരം മരുന്ന് സപ്ലൈ ചെയ്യുവാൻ കമ്പനിയോട് ആവശ്യപ്പെടാൻ വ്യവസ്ഥയില്ല.

(ഡി) 3,52,544 രൂപയുടെ മരുന്നുകൾ.

ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിനുള്ള നിയമം

157 [T5302] ശ്രീ. വി. കെ. അബ്ദുറഹ്മാൻ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ടി. വി. എം. സാഹിർ:
,, വി. കെ. കെ. ബാവ:
,, ഇസ്ഹാക് കുരിക്കൾ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിനുള്ള നിയമപ്രകാരം 2002-03 വർഷത്തിൽ എത്ര കേസുകൾ എടുത്തിട്ടുണ്ട്;

(ബി) ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇതിൽ ശിക്ഷിക്കപ്പെട്ട കേസുകൾ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 269 കേസുകൾ എടുത്തിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly